File No.FWLD-A1/53/2019-FWLD

2441
4/2120

"ഭരണഭാഷ–
മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറെ ആക്രമിക്കുകയും ഓഫീസിൽ പൂട്ടിയിടുകയും ചെയ്തതത് – അച്ചടക്ക നടപടി തീർപ്പാക്കിയത് – ശ്രീ. ബി. സുരേഷ്ബാബു, സീനിയർ ക്ലാർക്ക് സമർപ്പിച്ച പുനഃപരിശോധനാ ഹർജി – നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.473/2019/വനം തിരുവനന്തപുരം, തീയതി, 23/11/2019

---

പരാമർശം:- (1) 8.08.2017–ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6–55755/2014 നമ്പർ നടപടി ഉത്തരവ്

(2) 28.02.2019–ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി6–55755/2014 നമ്പർ നടപടി ഉത്തരവ്

(3) 4.06.2019 തീയതിയായി ശ്രീ. ബി. സുരേഷ്ബാബു, സീനിയർ ക്ലാർക്ക് സമർപ്പിച്ച പുനഃപരിശോധനാ ഹർജി

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറെ ആക്രമിക്കുകയും ഓഫീസിൽ പൂട്ടിയിടുകയും ചെയ്തതുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ. ബി. സുരേഷ്ബാബുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാന്റെ 'ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടയുക' എന്ന ശിക്ഷ നൽകി പരാമർശം (1) പ്രകാരം തീർപ്പാക്കുകയുണ്ടായി. അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീലും പരാമർശം (2) പ്രകാരം നിരസിച്ചിരുന്നു.

2) ഈ വിഷയത്തിൽ വഞ്ചിയൂർ പോലീസ് ചാർജ്ജ് ചെയ്ത ക്രൈം കേസ് 672/14 ആയി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്യുകയും 31.12.2018- ലെ വിധിന്യായം പ്രകാരം പ്രതികളെ കുറ്റവിമുക്തരാക്കുകയുമുണ്ടായി. ബഹു. കോടതി കുറ്റവിമുക്തനാക്കിയെങ്കിലും അച്ചടക്ക നടപടി പുനഃപരിശോധിക്കാൻ വകുപ്പ് തയ്യാറാകാത്തതിനെതിരെ ശ്രീ. സുരേഷ്ബാബു സർക്കാരിൽ പുനഃപരിശോധനാ ഹർജി പരാമർശം (3) പ്രകാരം സമർപ്പിച്ചു. ടി ഹർജിയിൽ അഭ്യർഥിച്ചതിൻ പ്രകാരം ടിയാനെയും വകുപ്പിന്റെ പ്രതിനിധികളെയും നേരിൽ കേൾക്കുകയുണ്ടായി.

ആരോഗ്യ വകുപ്പിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനുൾപ്പെടെയുള്ളവർ ജില്ലാ മെഡിക്കൽ ഓഫീസറുടെ മുറിയിൽ ഉണ്ടായിരുന്നുവെന്നും മുറി അകത്ത് നിന്ന് പൂട്ടിയിരുന്നുവെന്നും മുറിക്കകത്ത് സംഘർഷാവസ്ഥ നിലനിന്നിരുന്നു എന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ കുറ്റക്കാരനാണ് എന്ന് കണ്ടതും അതിനനുസൃതമായാണ് ശിക്ഷ നൽകിയതെന്നും വകുപ്പ് വാദിച്ചു. പോലീസ് കേസിൽ ഉൾപ്പെട്ടതിനോ, കോടതിയിൽ കേസ് ചാർജ് ചെയ്തതുമായി ബന്ധപ്പെട്ടോ അല്ല സുരേഷ് ബാബുവിനെതിരെ നടപടി സ്വീകരിച്ചതെന്നും 26.09.2014-ന് മറ്റ് സംഘടനാ നേതാക്കളോടൊപ്പം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കേറി ടിയാളെ ഭീഷണിപ്പെടുത്തുകയും ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചതിനാണ് എന്നും, അച്ചടക്ക നടപടിയ്ക്ക് ആധാരമായ അച്ചടക്ക രാഹിത്യവും പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവും നിലനിന്നതിനാലും ശിക്ഷയിൽ നിന്നും ഒഴിവാക്കുന്നതിന് തക്ക കാരണമൊന്നും അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടില്ലാത്തതിനാലുമാണ് ശിക്ഷ നൽകിയത് എന്നും വകുപ്പ് റിപ്പോർട്ട് ചെയ്തു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ വഞ്ചിയൂർ പോലീസ് ചാർജ്ജ് ചെയ്ത ക്രൈം കേസ് 672/14 -ലെ 31.12.2018- ലെ വിധിന്യായം പ്രകാരം നിലവിലുള്ള തെളിവുകളുടേയും അത് തിരഞ്ഞെടുത്ത മാനദണ്ഡത്തിന്റേയും ഒക്കെ അടിസ്ഥാനത്തിൽ പ്രതികൾ കുറ്റകൃത്യത്തിലേർപ്പെട്ടു എന്ന് അസന്നിഗ്ധമായി തെളിയിക്കാൻ പ്രോസിക്യൂഷനു സാധിക്കാത്തതിനാലാണ് ടിയാനടക്കമുള്ള പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുള്ളത്. വകുപ്പുതല നടപടിയുടെയും ക്രിമിനൽ നടപടിയുടെയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യത്യസ്തമാണെങ്കിലും ക്രിമിനൽ കേസിൽ ഒരാളെ കുറ്റവിമുക്തനാക്കി എന്ന കാരണത്താൽ മാത്രം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനോ സ്വീകരിച്ച നടപടി തുടരുന്നതിനോ നിയമതടസ്സമില്ലെന്ന് ബഹു. സുപ്രീം കോടതി Chairman & M.D., United Commercial Bank & Ors Vs. P.C. Kakar (MANU/SC/0110/2003) എന്ന കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാരൻ പാലിക്കേണ്ട പെരുമാറ്റ ചട്ടത്തിന്റെ ലംഘനത്തിന്റെ ഭാഗമായാണ് ടിയാൻ വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് വിധേയനായത്. ബഹു. കോടതി ടിയാനെ കുറ്റവിമുക്തനാക്കിയെങ്കിലും ടിയാനെതിരെയുള്ള അച്ചടക്ക

നടപടിയ്ക്ക് ആധാരമായ അച്ചടക്ക രാഹിത്യവും പെരുമാറ്റ ചട്ടങ്ങളുടെ ലംഘനവും നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. സുരേഷ്ബാബു സമർപ്പിച്ച പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീല എം**

**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. ബി. സുരേഷ്ബാബു, സീനിയർ ക്ലാർക്ക്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.11.27 10:43:27 IST
Reason: Approved

സെക്ഷൻ ഓഫീസർ